**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **05-10-2021 - ല്‍ മറുപടിയ്ക്ക്**

**സൗജന്യ വൈദ്യുത കണക്ഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എന്‍.കെ. അക്ബര്‍ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങള്‍ക്ക് സൗജന്യ വൈദ്യുതി കണക്ഷന്‍ നല്‍കുന്നതിനായി പോസ്റ്റുകള്‍ മാറ്റി സ്ഥാപിക്കേണ്ടി വരുന്നത് അവര്‍ക്ക് വൈദ്യുതി കണക്ഷന്‍ ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (ബി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവര്‍ക്ക് കെ.എസ്.ഇ.ബി.യുടെ ചെലവില്‍ വൈദ്യുതി പോസ്റ്റുകള്‍ മാറ്റി സൗജന്യമായി കണക്ഷന്‍ നല്‍കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; | (ബി) | 25.01.2019-ലെ ബോര്‍ഡ് ഉത്തരവ് പ്രകാരം BPL വിഭാഗത്തില്‍പ്പെട്ട 1000 Watts വരെ കണക്ടഡ് ലോഡുള്ള വീടുകള്‍ക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റര്‍ വരെ ലൈന്‍ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും (LT 1A Tariff) സൗജന്യമായി KSEBL-ന്റെ തനതു ഫണ്ടില്‍ നിന്നും നല്‍കിവരുന്നു. നിലവിലുള്ള നിയമപ്രകാരം സൗജന്യ വൈദ്യുതി കണക്ഷനുള്ള ആനുകൂല്യം LT-1 A താരിഫിന് മാത്രമേ ലഭ്യമാവുകയുള്ളൂ. |
| (സി) | ഗുരുവായൂര്‍ മണ്ഡലത്തില്‍ പോസ്റ്റ് മാറ്റിവെയ്ക്കേണ്ടതിന്റെ പേരില്‍ സൗജന്യമായി കണക്ഷന്‍ നല്‍കാന്‍ സാധിയ്ക്കാത്ത കുടുംബങ്ങളുടെ വിവരങ്ങള്‍ ലഭ്യമാക്കാമോ? | (സി) | ഗുരുവായൂര്‍ മണ്ഡലത്തില്‍ പോസ്റ്റ് മാറ്റി വയ്ക്കേണ്ടതിന്റെ പേരില്‍ സൗജന്യമായി വൈദ്യുതി കണക്ഷന്‍ നല്‍കാന്‍ സാധിക്കാത്ത കുടുംബങ്ങള്‍ നിലവിലില്ല. എന്നാല്‍, ചാവക്കാട് ഇലക്ട്രിക്കല്‍ സെക്ഷനു കീഴില്‍ ശ്രീമതി സക്കീന, രായംമരയ്ക്കാര്‍ വീട്, നാലാംകല്ല്, എടക്കഴിയൂര്‍. എന്ന വ്യക്തിയ്ക്ക് ലൈഫ് പദ്ധതിയില്‍ വീടു നിര്‍മ്മിക്കുന്നതിന് വീട് നിര്‍മ്മാണത്തിന്റെ താരിഫില്‍ (LT-VI F) അപേക്ഷിച്ചിട്ടുണ്ട്. അതനുസരിച്ച് ഒരു പോസ്റ്റ് സ്ഥാപിക്കുന്നതിന് (Post insertion) വേണ്ടിവരുന്ന എസ്റ്റിമേറ്റ് തുക 7,906/- രൂപയാണ്. സൗജന്യ വൈദ്യുതി കണക്ഷനുള്ള ആനുകൂല്യം കണ്‍സ്ട്രക്ഷന്‍ താരിഫിന് ലഭ്യമല്ല. |

സെക്ഷന്‍ ഓഫീസര്‍